ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):
ഒരു പിഴയും പിരിച്ചിട്ടില്ല.

വിജയമോഹിനി മില്ലിലെ നൂൽ

* ൧൯൫. (൧൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടെക്സ്റ്റൈൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിജയമോഹിനി മില്ലിലെ നൂലിനു് എക്സ്മില്ലിന്റെ പന്ത്രണ്ടര ശതമാനം ലാഭത്തിൽ വില്ക്കുന്നതിനു് ഗവണ്മെണ്ടിൽനിന്നും അനുമതി നൽകിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു തീയതി മുതൽ ഏതു് തീയതിവരെ;

(ബി) എക്സ്മില്ലിന്റെ ഏതു ശതമാനം ലാഭത്തിലാണു് സഹകരണ സംഘങ്ങൾക്കു വിജയമോഹിനി മില്ലിലെ നൂൽ കൊടുക്കുന്നതിനു് ഗവണ്മെണ്ടു് അനുവദിച്ചിട്ടുള്ളതു്;

(സി) സഹകരണസംഘങ്ങൾക്കു നൂൽ കൊടുക്കുവാൻ വിജയമോഹിനി മില്ലിനു് ഗവണ്മെണ്ടുത്തരവു് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(ഡി) ഗവണ്മെണ്ടുത്തരവനുസരിച്ചു സഹകരണസംഘങ്ങൾക്കു് വിജയമോഹിനി മില്ലിൽനിന്നും യഥാസമയം നൂലു കൊടുക്കുന്നില്ലാ എന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ; ഇതിൽ ഗവണ്മെണ്ടു് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്നു ദയവായി പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വിജയമോഹനി മില്ലിലെ നൂൽ എക്സ്മിൽ വിലയുടെ പന്ത്രണ്ടര ശതമാനം ലാഭത്തിൽ വിതരണം ചെയ്യുന്നതിനു് ബോംബെ ടെക്സ്റ്റൈറയിൽ കമ്മീഷണരുടെ അനുവാദം അനുസരിച്ചു ഈ ഗവണ്മെണ്ടു് മില്ലിനെ അനുവദിച്ചിട്ടുണ്ടു്. ൧—൯—൧൯൫൪ മുതൽ സഹകരണസംഘങ്ങൾക്കു് പത്തു ശതമാനം ലാഭത്തിൽ നൂൽ വിതരണം ചെയ്യാൻ മില്ലിനു് നിർദ്ദേശം നൽകി. എന്നാൽ ൨൦-ാം നമ്പർ നൂലു മാത്രം ഇയാണ്ടവസാനംവരെ മുമ്പിലത്തെപോലെ വിതരണം നടത്താൻ ഗവണ്മെണ്ടു് അനുവദിച്ചിട്ടുണ്ടു്.

(ബി) എക്സ്മിൽ വിലയുടെ പത്തു ശതമാനം ലാഭത്തിൽ സഹകരണസംഘങ്ങൾക്കു് വില്ക്കാനാണു് നിർദ്ദേശം കൊടുത്തതു്.

(സി) ൧—൯—൧൯൫൪ മുതൽ സഹകരണസംഘങ്ങൾക്കു് നൂൽ കൊടുക്കുവാൻ ടെക്സ്റ്റൈയിൽ ഡിപ്പാർട്ടുമെണ്ടിൽനിന്നും ന.ം—വ്യ—൧൯൫൪-൫൫ൽ ഓർഡർ കൊടുത്തു.

(ഡി) നൂൽ തരുന്നില്ലെന്നു ചില സഹകരണസംഘങ്ങൾ പരാതിപ്പെട്ടതനുസരിച്ചു് മില്ലിനു് ഉടനടി വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു് വിതരണം ചെയ്യിപ്പിച്ചു.

ഉണികൾ

* ൧൯൬. (൧൨൬) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇവിടെ വന്ന ഉണികൾക്കു് പ്രൈസു് കൺട്രോൾ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

LIBRARY ARCHIVES Kerala Legislative Assembly